'മനുഷ്യവ്യക്തിയെ നാം കൈവിടാത്ത കാലത്തോളം, ഒന്നിനെയും നാം കൈവിടുന്നില്ല' എന്നു കാനെററി പറയുന്നുണ്ട്. ഈ വ്യക്തിവാദം നിമിത്തമാകാം, 1940-കളിൽ ഫാഷിസത്തിന് എതിരായിരുന്നവെങ്കിലും കാനെററി പിന്നീട് അമേരിക്കൻ ചേരിയോടൊ റഷ്യൻ ചേരിയോടൊ രാഷ്ട്രീയമായി ചേർന്നു നിന്നില്ല.

ഹിററ്ലർ പിടിച്ചടക്കിയ ആസ്ട്രിയ വിട്ട് ബ്രിട്ടനിൽ പാർപ്പുറപ്പിച്ച കാനെററി യുദ്ധപൂർവ യൂറോപ്പിലെ സാഹിത്യസംസ്കാരം മുഴുവൻ തന്നിലേക്ക് ആവാഹിച്ചുകൊണ്ട് ശുദ്ധവും ഒട്ടൊക്കെ ദുരൂഹവുമായ ജർമൻ ഭാഷയിൽ സാഹിത്യരചന തുടർന്നു. 'ആൾക്കൂട്ടങ്ങളും അധികാരശക്തിയും' (1960), 'മാറാക്കേശിലെ ശബ്ദങ്ങൾ' (1967) മുതലായവയാണ് അദ്ദേഹത്തിന്റെ മററു പ്രധാന കൃതികൾ. കാനെററിയുടെ ഏഴു പുസ്തകങ്ങളുടെ ഇംഗ്ലീഷ് പരിഭാഷകൾ 'കണ്ടിന്വം പബ്ലിഷിങ് കമ്പനി' ബ്രിട്ടനിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

സ്ഥിരതാമസം ബ്രിട്ടനിലാണെങ്കിലും പാരീസ്സിലും റോമിലും ബെർലിനിലും വടക്കേ ആഫ്രിക്കയിലുമൊക്കെയായി നിരന്തരം സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ഒരാളാണ് കാനെററി. 'മനുഷ്യനെ ഞാനറിയുംപോലെ കണിശമായി പടംപിടിച്ചു കാട്ടുന്നതിൽ എനിക്കു താല്പര്യമില്ല. അവനെ കണിശമായി പെരുപ്പിച്ചു കാട്ടുന്നതിലാണ് എനിക്കു താല്പര്യം' എന്ന് കാനെററി പറഞ്ഞിട്ടുണ്ട്. കണ്ടതു വിശദീകരിക്കുകയല്ല, കാലഘട്ടത്തിനു സാക്ഷ്യം വഹിക്കുകയും, നൈരാശ്യത്തിന്റെ ബൃഹത്തമങ്ങളും ഉദാത്തതമങ്ങളുമായ നിലവാരങ്ങൾ നിർമിക്കുകയുമാണ് അദ്ദേഹം ചെയ്യുന്നത് എന്ന് അമേരിക്കൻ വിമർശകയായ സൂസൻ സോൺടാഗ് പ്രസ്താവിച്ചിരിക്കുന്നു.

പ്രസിദ്ധിവിമുഖനാണ് കാനെററി. ഒരുലക്ഷത്തിഎൺപതിനായിരം ഡോളർ വിലവരുന്ന നോബൽസമ്മാനം പ്രഖ്യാപിക്കപ്പെടുന്ന സമയത്തു് ജർമനിയിൽ ബവേറിയയിലുള്ള ഒരാരോഗ്യകേന്ദ്രത്തിലായിരുന്നുവത്രേ അദ്ദേഹം. ആർക്കും അഭിമുഖസംഭാഷണം അനുവദിക്കാൻ അദ്ദേഹം തയ്യാറായില്ല.

## 86. ഡോ. കെ. എൻ. എഴുത്തച്ഛൻ

ഡോക്ടർ കെ. എൻ. എഴുത്തച്ഛനെ ഞാൻ അവസാനമായി കണ്ടതു് ഇക്കഴിഞ്ഞ വിജയദശമി ദിവസം ആയിരുന്നു. ഏതാനും മാസങ്ങൾ മുമ്പ് ഒരു പ്രഭാതത്തിൽ സ്വന്തം വീട്ടിൽ തലചുററി വീണതിനെത്തുടർന്ന് അദ്ദേഹത്തിന്റെ തുടയിലെ എല്ല് പൊട്ടിപ്പോവുകയുണ്ടായി. ശസ്ത്രക്രിയയും നീണ്ടുനിന്ന ഫിസിയോ തെറാപ്പിയുംമൂലം എഴുന്നേററു നടക്കാറായെങ്കിലും, പൂർണമായ സൗഖ്യം അദ്ദേഹത്തിനു ലഭിച്ചിരുന്നില്ല. എല്ലു പൊട്ടിയ കാലിന് അല്പം നീളക്കുറവു വന്നുപെട്ടിരുന്നു. അലൂമിനിയം ട്യൂബ് കൊണ്ടുള്ള ഒരു കക്ഷവടി (ക്രച്) ഉപയോഗിച്ചാണ് അദ്ദേഹം നടന്നിരുന്നതു്. ആയുർവേദ വിധിപ്രകാരമുള്ള ധാരയും കിഴിയും കൂടി കഴിഞ്ഞപ്പോൾ, അദ്ദേഹത്തിനു തുടയിൽ മുമ്പില്ലാതിരുന്ന വേദന തോന്നിത്തുടങ്ങി. അലോപ്പതി അനുസരിച്ചു ചികിത്സ ഒന്നും ഇനി ചെയ്യാനില്ലായിരുന്നു. അതിനാൽ, അലോപ്പതിയിലും ആയുർവേദത്തിലും ഒരുപോലെ വൈദഗ്ദ്ധ്യമുള്ള ഡോക്ടർ സി. കെ. രാമചന്ദ്ര

നെ ചെന്നു കാണാൻ അദ്ദേഹം ആഗ്രഹിച്ചു. ഡോ. രാമചന്ദ്രന്റെ അടുക്കലേക്കു തന്നോടൊപ്പം വരണമെന്ന് അദ്ദേഹം എനിക്കെഴുതി.

അങ്ങനെ, കോഴിക്കോട്ടു സർവകലാശാലയിലെ സംസ്കൃത പ്രഫസർ ഡോ. എം. എസ്. മേനോനും ഞാനുംകൂടെ എഴുത്തച്ഛനെ കോഴിക്കോട്ട് മലാപ്പറമ്പിലുള്ള അദ്ദേഹത്തിന്റെ മകളുടെ വസതിയിൽനിന്ന് ഡോക്ടർ രാമചന്ദ്രന്റെ വീട്ടിലേക്ക് ഒക്ടോബർ 8-ാം തീയതി കൂട്ടിക്കൊണ്ടുപോയി. ഡോ. രാമചന്ദ്രനുമായുള്ള ചർച്ചകൾക്കു ശേഷം തിരികെ വീട്ടിൽ കൊണ്ടു ചെന്നാക്കുമ്പോൾ എഴുത്തച്ഛൻ തികച്ചും ഉന്മേഷവാനായിരുന്നു. കാലിൽ അദ്ദേഹത്തിനു തോന്നിയിരുന്ന വേദന, ആ രോഗം കൂടുതൽ ആരോഗ്യം കൈവരിക്കുന്നതിന്റെ ലക്ഷണമാണെന്ന് ഡോക്ടർ പറഞ്ഞു. പുറമേ പുരട്ടുവാനും അകത്തേക്കു കഴിക്കുവാനും ചില ആയുർവേദ ഔഷധങ്ങൾ അദ്ദേഹം നിർദ്ദേശിക്കുകയും ചെയ്തു. ഏറെ താമസിയാതെ വടിയുടെ സഹായം കൂടാതെതന്നെ നടക്കുവാൻ എഴുത്തച്ഛനു സാധിക്കുമെന്നായിരുന്നു ഞങ്ങളുടെ പ്രതീക്ഷ. എന്നാലും, അടുത്ത ആണ്ടിൽ, 71-ാം പിറന്നാളിന് അദ്ദേഹത്തിന് എഴുപത്തൊന്നു വടികൾ ശേഖരിച്ചു സമ്മാനിക്കാനുള്ള ഒരു പരിപാടി ഞങ്ങൾ ആസൂത്രണം ചെയ്യുന്നുണ്ടെന്നു ഞാൻ പറഞ്ഞത് അദ്ദേഹത്തെ രസിപ്പിച്ചതായി തോന്നി. ധാരാളം തമാശ പറഞ്ഞും, കേട്ടും, ചിരിപ്പിച്ചും, ചിരിച്ചുമാണ് അന്നു ഞങ്ങൾ പിരിഞ്ഞത്.

അതുകഴിഞ്ഞ് കൃത്യം ഇരുപതു ദിവസങ്ങൾക്കു ശേഷം, ഒക്ടോബർ 28-ാം തീയതി, കോഴിക്കോട്ടു സർവകലാശാലയിൽ ഒരു സമ്മേളനത്തിൽ പ്രസംഗിച്ചുകൊണ്ടു നില്ക്കവേ, ഹൃദയസ്തംഭനംമൂലം അദ്ദേഹം മരിച്ചു. പിറേറന്ന് ഒററപ്പാലത്ത്, ഭാരതപ്പുഴയുടെ തീരത്ത് അദ്ദേഹത്തിന്റെ ഭൗതികശരീരം സംസ്കരിക്കുകയും ചെയ്തു. അന്നു തിരുവനന്തപുരത്തായിരുന്ന ഞാൻ പത്രങ്ങളിൽനിന്നു വിവരം മനസ്സിലാക്കുമ്പോഴേക്കും സമയം വൈകിക്കഴിഞ്ഞിരുന്നു. അതിനാൽ അവസാനമായി ഒരിക്കൽക്കൂടി അദ്ദേഹത്തെ കാണാൻ എനിക്കു സാധിച്ചില്ല.

എഴുത്തച്ഛനെ ഞാൻ ആദ്യമായി കണ്ടത് 1934-ലോ 1935-ലോ ആണ്. ഞാൻ അന്ന് തൃപ്പൂണിത്തുറ സംസ്കൃത കോളേജിൽ ഒരു വിദ്യാർത്ഥിയായിരുന്നു. മലയാളത്തിൽ വിദ്വാൻപരീക്ഷ പാസ്സായിക്കഴിഞ്ഞ എഴുത്തച്ഛൻ സാഹിത്യശാസ്ത്രം സംബന്ധിച്ച പാണ്ഡിത്യപൂർണങ്ങളായ ലേഖനങ്ങൾ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ എഴുതാറുണ്ടായിരുന്നു. സംസ്കൃത കോളേജിൽ നടന്നിരുന്ന മലയാള സാഹിത്യസമാജത്തിന്റെ വാർഷിക യോഗത്തിൽ പ്രസംഗിക്കുവാൻ എഴുത്തച്ഛൻ ക്ഷണിക്കപ്പെട്ടു. അന്ന് അദ്ദേഹം പ്രസംഗിച്ചത് എന്തിനെക്കുറിച്ചാണെന്ന് ഇപ്പോൾ ഓർമയില്ല. അദ്ദേഹത്തിന്റെ പാണ്ഡിത്യത്തിലും വാഗ്മിത്വത്തിലും അഗാധമായ ആദരം ആ പ്രസംഗം തൃപ്പൂണിത്തുറയിലെ സംസ്കൃത പണ്ഡിതന്മാരിൽ ഉളവാക്കിയിരുന്നു.

എഴുത്തച്ഛന്റെ ജീവിതത്തിൽ പല പരിവർത്തനങ്ങൾ പിന്നീടുണ്ടായി. അദ്ധ്യാപകജോലി ഉപേക്ഷിച്ച് അദ്ദേഹം ബോംബെയിലേക്കു പോയി. ടൈപ്പിസ്റ്റും ക്ലാർക്കും മററുമായി ഒട്ടധികം കാലം ജോലി ചെയ്തു. മലയാളം, ഇംഗ്ലീഷ്, ഇക്കണോമിക്സ് എന്നീ വിഷയങ്ങളിൽ എം. എ. പരീക്ഷ പാസ്സായി. പ്രായം ഒട്ടായതിനു ശേഷം 1953-ൽ മദ്രാസ് സർവകലാശാലയിൽ ലക്ചറർ ജോലിയിൽ പ്രവേശിച്ചു. അർത്ഥശാസ്ത്രത്തിന്റെ പഴയ മലയാള വ്യാഖ്യാനത്തിന്റെ ഭാഷാ ശാസ്ത്രപരമായ പഠനത്തെ മുൻനിർത്തി പി എച്ച്. ഡി. ബിരുദം നേടി. 1972-ൽ ആ സർവകലാശാലയിൽനിന്ന് പെൻഷൻ പററി പിരിഞ്ഞു. കേരള ഭാഷാ ഇൻസ്റ്റിററ്യൂട്ടിൽ കുറച്ചുകാലം പ്രവർത്തിച്ചു. ദ്രാവിഡ ഭാഷാ ശാസ്ത്രസംഘടനയുടെ ഫെല്ലോഷിപ്പ് സ്വീകരിച്ച്, മലയാള

വ്യാകരണ ചരിത്രമെഴുതി. കോഴിക്കോട്ട സർവകലാശാലയിൽ വിസിററിങ് പ്രഫസറായി. മരിക്കമ്പോഠം അദ്ദേഹം സാഹിത്യ അക്കാദമിയിൽ ഗവേഷണം നടത്തുന്നവരുടെ ഗൈഡ് ആയിരുന്നു.

എഴുത്തച്ഛന്റെ ആദ്യകാലത്തെ രചനകളായിരുന്ന ഉപന്യാസങ്ങളെപ്പററി പറഞ്ഞുവല്ലോ. ഒരിടയ്ക്ക് അദ്ദേഹം കവിതകളം ധാരാളമായി എഴുതുകയുണ്ടായി. 'പ്രതിജ്ഞ' എന്ന അദ്ദേഹത്തിന്റെ ഖണ്ഡകാവ്യം പുലയരുടെ ജീവിതത്തെ ആധാരമാക്കി, 'ദുരവസ്ഥ'യ്ക്ക ശേഷം എഴുതപ്പെട്ടതാണ്. വിഷയസ്വഭാവംകൊണ്ടെന്നപോലെ പ്രതിപാദനചാരുതകൊണ്ടും ആ കൃതി മലയാള സാഹിത്യത്തിൽ ചിരപ്രതിഷ്ഠയർഹിക്കുന്നുണ്ട്. മൂന്നു കവിതാസമാഹാരങ്ങളം, നാലു കഥാസമാഹാരങ്ങളം, ഏതാനും വിവർത്തനങ്ങളം, അദ്ദേഹത്തിന്റെ വകയായുണ്ട്. വ്യാകരണ ചരിത്രം സംബന്ധിച്ച് അദ്ദേഹം എഴുതിയ ഗ്രന്ഥത്തെപ്പററി പ്രസ്താവിച്ചുവല്ലോ, ഇതു് ഇംഗ്ലീഷിലാണ്. അർത്ഥശാസ്ത്രവ്യാഖ്യാനം അവതാരികയോടും പഠനത്തോടുംകൂടെ, അദ്ദേഹം മദ്രാസ് സർവകലാശാലയിൽ നിന്നു പ്രസാധനംചെയ്തു പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഈ ഗ്രന്ഥങ്ങളെല്ലാം ഇരുന്നാലും, സാഹിത്യ വിഷയങ്ങളായ അനേകം പ്രൗഢപ്രബന്ധങ്ങളാണ് അദ്ദേഹത്തെപ്പററി ചിന്തിക്കുമ്പോഠം, ആരുടേയും ഓർമയിൽ പെട്ടെന്നു വരുക. സാമൂഹ്യ പുരോഗതിക്കു സാഹിത്യം ഉപകരിക്കണമെന്നു വാദിക്കവേതന്നെ, സാഹിത്യത്തിന്റെ കലാപരമായ മൂല്യങ്ങളിൽ അദ്ദേഹം എന്നും ഊന്നി നിന്നു. മാർക്സിന്റെ ജീവിത വീക്ഷണത്തോട് ഭാരതീയമായ സംസ്കാര പാരമ്പര്യത്തെ സമന്വയിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു.

എഴുത്തച്ഛന്റെ ഏററവും പ്രധാനപ്പെട്ട കൃതി, പക്ഷേ, മലയാളത്തിലോ ഇംഗ്ലീഷിലോ അല്ല, സംസ്കൃതത്തിലാണ്. അദ്ദേഹത്തിനു സാഹിത്യ അക്കാദമിയുടെ ദേശീയ സമ്മാനം നേടിക്കൊടുത്ത 'കേരളോദയം' എന്ന സംസ്കൃതമഹാകാവ്യം ഏകാഗ്രമായ ദീർഘകാല സാധനയുടെ വിശിഷ്ട ഫലമത്രെ. കേരളത്തിന്റെ സാംസ്കാരിക ചരിത്രമാണ് ഈ മഹാകാവ്യത്തിന്റെ പ്രമേയം. ഇതിലും, ആധുനിക ശാസ്ത്രീയ വീക്ഷണവും പാരമ്പര്യവും തമ്മിൽ പൊരുത്തപ്പെടുത്തുന്നതിൽ അദ്ദേഹം വിജയിച്ചിരിക്കുന്നു. പരശുരാമൻ കടലിൽനിന്ന് കേരളം ഉയർത്തിയെടുത്ത കഥ, കേരളീയരുടെ ഒരു വർഗസ്വപ്നമായി അദ്ദേഹം ചിത്രീകരിച്ചിരിക്കുന്നു. കേരളം തമിഴകത്തിന്റെ ഭാഗമായിരുന്ന കാലത്തിലെ ചരിത്രം പ്രതിപാദിക്കുമ്പോഠം അദ്ദേഹം സംഘസാഹിത്യത്തിന്റെ തനിമ സംസ്കൃതത്തിൽ അത്ഭുതാവഹമാംവിധം പുനഃസൃഷ്ടിക്കുന്നു. പോർത്തുഗീസ് സംസർഗകാലം മുതൽ ഐക്യകേരളസ്ഥാപനം വരെയുള്ള ചരിത്രം, പ്രധാന സംഭവങ്ങളൊന്നും വിടാതെ, ആധുനിക ചരിത്രകാരന്മാരുടെ വീക്ഷണത്തിലൂടെ, അദ്ദേഹം അവതരിപ്പിക്കുന്നു. അയത്നലളിതവും സംസ്കാരപൂതവുമാണ് അദ്ദേഹത്തിന്റെ സംസ്കൃതഭാഷ. ആധുനികകാലത്തു് ആ ഭാഷയിലുണ്ടായ സമാന കൃതികളിൽ എന്തുകൊണ്ടും മികച്ചുനില്ക്കുന്ന ഒന്നാണ് കേരളോദയം. എ. ആറിന്റെ ആംഗല സാമ്രാജ്യവുമായി താരതമ്യപ്പെടുത്തിയാൽ ഒട്ടും അപകർഷം കേരളോദയത്തിന് ഉണ്ടാവാനില്ല.

ചിലർക്ക് മദ്യം ഒരു ലഹരിയാണ്. മററു ചിലർക്കാകട്ടെ, പ്രയത്നമാണു ലഹരി. ഇംഗ്ലീഷിൽ ഇത്തരക്കാരെ 'വർക്ക ഹോളിക്' (Workaholic) എന്നു പറയുന്നു. ശരിക്കും ഒരു വർക്ക ഹോളിക് ആയിരുന്നു എഴുത്തച്ഛൻ. ജോലിയെടുത്തുകൊണ്ടല്ലാതെ ഒരിക്കലും ഞാൻ അദ്ദേഹത്തെ കണ്ടിട്ടില്ല. തീരെ നിരാഡംബരനും വിനീതനുമായിരുന്ന അദ്ദേഹത്തെ കണ്ടാൽ നാട്ടുമ്പുറത്തുകാരനായ ഒരു ചെറുകിട കർഷകനെന്നേ ആരും കരുതുകയുള്ളൂ. നിരന്തരമായ അദ്ധ്യയനത്തിലൂടെ താനാർജിച്ച നാനാമുഖ

മായ പാണ്ഡിത്യത്തെ, 'ലഘുവായ ഒരു പുഷ്പത്തെയെന്നപോലെ, അനായാസമായി അദ്ദേഹം ശിരസ്സിലണിഞ്ഞുപോന്നു.

തൻെറ ശിഷ്യനും സുഹൃത്തുമായിരുന്ന ചെറുകാടിൻെറ സ്മരണയ്ക്കു സമർപ്പിക്കപ്പെട്ട 'ശക്തി' അവാർഡ് ശ്രീ കെ. തായാട്ടിനു നല്കുന്നതിനുവേണ്ടി വിളിച്ചുകൂട്ടിയ ഒരു യോഗത്തിൽ പ്രസംഗിച്ചുകൊണ്ടിരിക്കവേ ആണ് അദ്ദേഹം പെട്ടെന്ന് മരിച്ചുപോയതു്. ചെറുകാടിൻെറ പഠനവിമുഖതയെപ്പററി തമാശ പറഞ്ഞു ചിരിച്ചുകൊണ്ടിരിക്കേ കസേരയിൽ അദ്ദേഹം പിന്നോട്ടു മലർന്നു. ഒരു പ്രായമെത്തിയാൽ പിന്നെ എല്ലാവരും ആഗ്രഹിക്കുന്ന 'അനായാസേന മരണം' അദ്ദേഹത്തിനു കൈവരുകയും ചെയ്തു. കുറേക്കാലംകൂടി ജീവിച്ചിരുന്നെങ്കിൽ അദ്ദേഹത്തിൽനിന്നു മലയാളത്തിന് ഇനിയും പല സംഭാവനകളും കൈവരുമായിരുന്നു എന്നതു തീർച്ചയാണ്., അങ്ങനെ ഉണ്ടാവാതിരുന്നതു് നമ്മുടെ നിർഭാഗ്യമെന്നേ പറയാനുള്ളു.

രോഗശയ്യയിലായിരിക്കെ, 'കേരളോദയ'ത്തിനു് ഒരു മലയാളവിവർത്തനം അദ്ദേഹം തയ്യാറാക്കി. തൻെറ പഴയ കവിതകഠം ശേഖരിച്ച് പുനഃപ്രസാധനം ചെയ്യണമെന്ന ആഗ്രഹം മുമ്പ് അദ്ദേഹം എന്നോടു പറഞ്ഞിട്ടുണ്ട്. അദ്ദേഹത്തിൻെറ ലേഖനങ്ങഠം മുഴുവൻ സമാഹരിച്ച് രണ്ടോ മൂന്നോ വാല്യങ്ങളായി പ്രസിദ്ധപ്പെടുത്തുന്നതും പ്രയോജനകരമായിരിക്കും.

എഴുത്തച്ഛൻെറ സുഹൃത്തുക്കളുടെയും ആരാധകരുടെയും വിപുലമായ ഒരു വലയം തങ്ങളുടെ ദുഃഖത്തിൽ പങ്കു ചേരുന്നുണ്ടെന്ന വിവരം അദ്ദേഹത്തിൻെറ പത്നിക്കും മക്കഠംക്കും ആശ്വാസമരുളട്ടെ.

8 നവംബർ, 1981

# 87. ആനന്ദശങ്കരമാധവൻ

ആനന്ദശങ്കരമാധവനുമായി പരിചയമുള്ള കേരളീയർ കുറവായിരിക്കും. എനിക്കും അദ്ദേഹത്തെപ്പററി കേട്ടറിവേ ഉള്ളൂ. എങ്കിലും അപൂർണമായ ആ അറിവുവെച്ചുതന്നെ ആ അസാധാരണ മനുഷ്യനെപ്പററി എഴുതേണ്ടതാണെന്നു തോന്നി.

കേരളത്തിൽ കൊല്ലം ജില്ലയിലാണ് അറുപത്തേഴ വർഷം മുമ്പ് ആനന്ദശങ്കരമാധവൻ ജനിച്ചതു്. അദ്ദേഹം ജനിച്ച സ്ഥലത്തിൻെറ പേരോ വീട്ടുപേരോ എനിക്കറിവില്ല. ബാല്യകാല വിദ്യാഭ്യാസത്തെപ്പററിയും അറിഞ്ഞുകൂടാ. 1930-കളിൽ അദ്ദേഹം കേരളംവിട്ട് ഉത്തരേന്ത്യയിലേക്കു പോയി. നാട്ടു നടന്നു കാണലായിരുന്നിരിക്കാം ഉദ്ദേശ്യം. അന്ന് ഊർജസ്വലമായി നടന്നുകൊണ്ടിരുന്ന സ്വാതന്ത്ര്യസമരത്തിൽ പങ്കെടുക്കാനുള്ള ആഗ്രഹവുമാവാം, അവ്യക്തമായ ഒരുതരം വൈരാഗ്യവുമാവാം. ഉദ്ദേശ്യം എന്തായാലും, തോളിൽ സഞ്ചിയും ഖാദി ജൂബ്ബയുമായി അദ്ദേഹം ഒടുവിൽ എത്തിച്ചേർന്നതു് ദില്ലിയിലെ പ്രസിദ്ധമായ 'ജാമിയാ മില്ലിയാ ഇസ്ലാമിയ' എന്ന ദേശീയ വിദ്യാലയത്തിലായിരുന്നു. പിന്നീട് രാഷ്ട്രപതിയായിത്തീർന്ന ഡോ. സാക്കിർ ഹുസൈൻ ആയിരുന്നു അന്ന് ജാമിയാ മില്ലിയയുടെ വൈസ്ചാൻസലർ. ആനന്ദശങ്കരമാധവൻ അവിടെ ഒരു വിദ്യാർത്ഥിയായി ചേർന്നു. ഇപ്പോഠം ബിഹാർ സംസ്ഥാനത്തിൽ ഗവർണർ ആയ എ. ആർ. കിദ്വായി അന്ന് അവിടെ വിദ്യാർത്ഥിയായിരുന്നു.